# സന്ധ്യാ നമസ്ക്കാരം

**ബിജോയ് ശാമുവേൽ, അബുദാബി**

സത്യകുമ്പസാരത്തിൽ ഏററുപറഞ്ഞ് മോചനവും പരിഹാരവും നേടിയെടുക്കേണ്ടതായ പാപങ്ങളും കടങ്ങളുമാണ് നമസ്ക്കാരസമയത്തും കുർബ്ബാനസമയത്തും ഉദാസീനനായതും കല്പിക്കപ്പെട്ട പ്രാർത്ഥനകൾ തികയ്ക്കാത്തതും. ഭവനത്തിൽ ആയാലും ദൈവാലയത്തിൽ ആയാലും പ്രാർത്ഥനകൾക്ക് ക്രിസ്തീയജീവിതത്തിൽ വളരെ പ്രാധാന്യം ഉണ്ട്. അത് നിശ്ചിത സമയത്ത് നിർവഹിക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്, അവകാശമാണ്. അതിനുവേണ്ടി ഭവനത്തിലെ മുതിർന്നവർ മുൻകൈ എടുത്ത് ബാക്കിയുള്ളവർക്ക് നല്ല മാതൃക ആകണം. ഏഴ് യാമപ്രാർത്ഥന ക്രമങ്ങൾ പാലിക്കപ്പെടണം എന്നത് സഭയുടെ നിയമം ആയിരിക്കുമ്പോൾ, അതിനെ ക്രമം അല്ലാതെ ആക്കുന്ന നമ്മുടെ ഭവനത്തിലെയും ദൈവാലയത്തിലെയും മററ് പരിപാടികൾ / ആഘോഷങ്ങൾ ക്രമീകരിക്കുമ്പോൾ, സന്തോഷിക്കുന്ന ആകൽകറുസ്സായോട് കൂറും സ്നേഹവും ഉറപ്പിക്കുന്നതിന് തുല്യമാണ്.

ജീവൻ തന്ന സൃഷ്ടാവിനോടും രക്ഷ നൽകിയ പുത്രനോടും മനുഷ്യരായ നാം തക്കസമയത്തു ചെയ്യേണ്ടതായ കാര്യങ്ങൾ പൂർത്തീകരിക്കുന്നില്ലായെങ്കിൽ, ന്യായവിധിക്കുശേഷം അഗ്നിയ്ക്കു ഇരയാകുന്നവരുടെ കൂട്ടത്തിൽ ചേരുവാൻ യോഗ്യത നേടുകയാണ്. മുസ്ലിം സഹോദരങ്ങളുടെ പ്രാർത്ഥന നിഷ്ഠകൾ സമയത്തിലും ശ്രദ്ധേയമാണ്. ക്രിസ്തീയജീവിതത്തിൽ ഏററവും നല്ല സുവിശേഷരീതി, നമ്മുടെ ഓരോരുത്തരുടെയും ജീവിതശൈലിയാണ്. ഏഴ് യാമങ്ങളിലെ പ്രാർത്ഥനകൾ നമ്മുടെ സാഹചര്യത്തിനനുസരിച്ച് മാററി വയ്ക്കുവാൻ കഴിയുമോ. ദയറാകളിലും ആശ്രമങ്ങളിലും മഠത്തിലും പ്രാർത്ഥനക്രമങ്ങൾ പാലിക്കപ്പെടുന്നു എന്നു കരുതാം. വിശുദ്ധ കുർബ്ബാനയുടെ നാലാം അദ്ധ്യായത്തിൽ ധൂപപ്രാർത്ഥനയിൽ ഒരോ ഖണ്ഡിക പാടി കഴിയുമ്പോൾ ജനങ്ങൾ ബാറെക്മോർ പറയുന്നു, പുരോഹിതൻ ശുബഹോലോ.......... എന്നും, പ്രതിവാക്യമായി മെനഓലം...... ജനങ്ങൾ പറയുന്നു. എന്തിനുവേണ്ടിയാണ് പിതാക്കന്മാർ ഇങ്ങനെ ക്രമികരിച്ചിരിക്കുന്നത്. പുരോഹിതന്റെ അസാന്നിധ്യത്തിലും ജനങ്ങൾ പ്രതിവാക്യങ്ങൾ ചൊല്ലേണ്ടത് അത്യാവശ്യമാണ്.

ആരാധനവേളകളിലും പ്രാർത്ഥനസമയത്തും ദൈവസന്നിധിയിൽ കടന്നു ചെല്ലുവാൻ അനുവാദമുള്ള സാത്താൻ, ആരാധനയും സ്തുതിയും ഇഷ്ടമുള്ളതിനാൽ, നാം ആരാധിക്കുന്നതും സ്തുതിക്കുന്നതും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ആകുന്നു എന്ന് പുരോഹിതൻ പറയുമ്പോൾ മറുപടിയായി വിശ്വാസികൾ.......ഏററുപറയുന്നത് ദൈവത്തിലുള്ള വിശ്വാസം ഉറപ്പിക്കുവാനും സാത്താനെയും അവന്റെ സൈന്യത്തെയും ഓടിക്കുവാനും വേണ്ടിയാണ്. ഇതേപോലെ, മൂന്നു മണിക്കൂർ ഇടവിട്ടുള്ള ഏഴ് യാമങ്ങളിലെ പത്ത് പ്രാർത്ഥനകൾ നിശ്ചിത സമയത്ത് പൂർത്തികരിക്കുന്നത് നമ്മുടെ ബാഹ്യവും ആന്തരികവുമായ ദശന്ദ്രീയങ്ങളുടെ ശുദ്ധീകരണത്തിനും ശക്തീകരണത്തിനും വേണ്ടിയാണ്. അതിനുപകരം എന്തെല്ലാം ചെയ്താലും ഒരിക്കലും പ്രാർത്ഥനകൾക്ക് പകരമാകുന്നില്ല. ഓർത്തഡോക്സ് വിശ്വാസം അനുസരിച്ച് ഒരു ദിവസം ആരംഭിക്കുന്നത് വൈകുന്നേരം ആറു മണിയ്ക്കു ആയതിനാൽ സന്ധ്യാനമസ്ക്കാരത്തിന് വളരെയധികം പ്രാധാന്യം ഉണ്ട്. അത് മനസ്സിലാക്കി ഭവനത്തിലും ദൈവാലയത്തിലും സന്ധ്യാനമസ്ക്കാരം കൃത്യസമയത്ത് നടത്തുവാൻ ഉത്തരവാദിത്വപ്പെട്ടവർ മുന്നോട്ടു വരണമെന്നും പുത്തൻ തലമുറകൾക്ക് നല്ല പാഠങ്ങൾ സമ്മാനിക്കുവാൻ കഴിയണം. ലൗകീകജീവിതത്തിൽ എന്തെല്ലാം നേടിയെടുത്താലും ധനവാന്റെയും ലാസറിന്റെയും അനുഭവത്തിലപ്പുറം ഒന്നും തന്നെയില്ല.